(ബി) ജി. ഒ. (പി) 52/2002/ഉഭപവ തീയതി 7-12-2002 ഉത്തരവുപ്രകാരം 2003 ജനുവരിയിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കി ജില്ലാ, താലൂക്ക്, വില്ലേജ് തലങ്ങളിൽ ഫയൽ തീർപ്പാക്കൽ മാസം ആചരിക്കുകയുണ്ടായി.

(സി) ഫയലുകൾ സമയബന്ധിതമായി തീർക്കുന്നതിന്റെ പ്രാരംഭമെന്ന നിലയിൽ സെക്രട്ടേറിയറ്റിൽ ലവൽ ജമ്പിംഗിനും ഫയൽ പ്രയാണത്തിന് സമയ പരിധി നിശ്ചയിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരം സെക്രട്ടേറിയറ്റിൽ പ്രധാനപ്പെട്ട ഫയലുകൾ തീർപ്പാക്കാൻ സെക്ഷൻ ഓഫീസർക്കും അവസാന തീരുമാനമെടുക്കുന്ന ആൾ എന്ന നിലയിൽ സെക്രട്ടറി/ മന്ത്രിക്കുമിടയിൽ പരമാവധി രണ്ടുതലങ്ങളിൽ ഫയൽ കണ്ടാൽ മതിയെന്ന നിർദ്ദേശം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും ബാധകമാക്കിയിട്ടുണ്ട്. കൂടാതെ സെക്ഷൻ ഓഫീസർ മുതൽ മന്ത്രിവരെ ഫയൽ നീങ്ങുന്നതിന് പരമാവധി സമയം പത്തു ദിവസമായും ടി ഉത്തരവിൽ നിശ്ചയിച്ചിട്ടുണ്ട്.

പേറ്റന്റ് ഇൻഫർമേഷൻ സെന്റർ

2 (3732) ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ഉദ്ദേശിച്ചു കൊണ്ടാണ് ഈ സെന്റർ ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ലോകത്തെല്ലായിടത്തും രജിസ്റ്റർ ചെയ്യുന്ന പേറ്റന്റിന്റെ വിവരം ഈ സെന്ററിൽ നിന്നും ലഭിക്കുമോ ;

(ഡി) ഈ സെന്ററിന്റെ സേവനം ലഭിക്കുവാനുള്ള നടപടിക്രമം എന്തെന്ന് വിവരിക്കുമോ ?

ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുവാനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ ചെയ്തു വരുന്നു.

(ബി) ഈ സെന്ററിന്റെ പ്രധാന പ്രവർത്തനമേഖലകൾ ഇന്ത്യയിലും പുറത്തുമായി പേറ്റന്റ് ചെയ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഒരു സേർച്ച് (Search) ഉപാധിയിലൂടെ ആരായുക, പേറ്റന്റിനെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുക എന്നിവയായിരിക്കും. ഭാവിയിൽ, പേറ്റന്റ് ഫയൽ ചെയ്യുവാനുള്ള സംവിധാനങ്ങളും ചെയ്യുവാൻ ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നമുക്ക് ലഭ്യമായിട്ടുള്ള പ്രധാന ഡേറ്റാ ബെയ്സ് (Databse) കളെ അടിസ്ഥാനമാക്കി നിശ്ചിത രാജ്യങ്ങളിലെ വിവരങ്ങൾ മാത്രമേ അറിയുവാൻ കഴിയുകയുള്ളു.

(ഡി) ഏതു തരത്തിലുള്ള സേവനമാണ് ആവശ്യമെന്ന് കാണിച്ച് ഒരു കുറിപ്പ് ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയച്ചാൽ മതിയാകും.

സാമൂഹ്യ സുരക്ഷിതത്വത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ

3 (3734) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ: തോമസ് ഐസക് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷിതത്വത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം ജനവിഭാഗങ്ങൾക്ക് പ്രയോജനം ഉറപ്പാക്കാൻ വേണ്ടിയാണ് ഈ പദ്ധതികൾ പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതികളിൽ ഏതെല്ലാം നിലവിൽ വന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷിതത്വ മേഖലയിൽ 24 സ്കീമുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ വേണ്ടി താഴെപറയുന്ന പ്രത്യേക പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വേണ്ടി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ.
2. സാമൂഹ്യ സുരക്ഷിതത്വ ശൃംഖലയ്ക്കും അഗതികളുടെ പരിരക്ഷയ്ക്കും മാർഗ്ഗനിർദ്ദേശമായിട്ടുള്ള പദ്ധതി.
3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന "സ്വാശ്രയ പദ്ധതി."

(ബി-ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly